# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-KLM-P4/1549/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/10/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM-P4/1549/2023 തീയ്യതി: 26/10/2023

## കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 06-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 17-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത് കുമാർ.ജി.(ഓഡിറ്റ് ഓഫീസർ,ഹ.ഗ്രേ.)
ശ്രീ.അനിൽ കുമാർ.എസ്.(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ദിവ്യ.ജെ,(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.രാജശ്രീ.സി.ആർ.(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനി സൂര്യകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സുനീഷ് കുമാർ.എസ് | സെക്രട്ടറി | 01-04-2022 | 17-10-2022 |
| ശ്രീ.ജോൺസൺ പീറ്റർ കാർഡോസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-10-2022 | 14-11-2022 |
| ശ്രീ.സുനീഷ് കുമാർ.എസ് | സെക്രട്ടറി | 15-11-2022 | 12-01-2023 |
| ശ്രീമതി.ശ്രീലക്ഷ്മി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2023 | 29-01-2023 |
| ശ്രീ.സന്തോഷ് വർഗ്ഗീസ് | സെക്രട്ടറി | 30-01-2023 | 21-02-2023 |
| ശ്രീമതി.ശ്രീലക്ഷ്മി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-02-2023 | 12-03-2023 |
| ശ്രീ.സന്തോഷ് വർഗ്ഗീസ് | സെക്രട്ടറി | 13-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആർച്ച ഗോപൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 12-09-2022 |
| ശ്രീ.അജയ് ഹാർഡിൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 13-09-2022 | 31-03-2023 |
| ശ്രീമതി.കാർത്തിക.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 01-11-2022 |
| ശ്രീമതി.ദീപാറാണി.വി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2022 | 31-03-2023 |
| ശ്രീമതി.ഷെർലി.എ | ഹെഡ്മിസ്ട്രസ് | 01-04-2022 | 30-06-2022 |
| ശ്രീ.അബ്ദുൾ അസീസ് | ഹെഡ്മാസ്റ്റർ | 01-07-2022 | 31-03-2023 |
| ഡോ.മഞ്ജുഷ.ഇ.വി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.മിയ വർഗ്ഗീസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനീഷ് പരമേശ്വരൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.മഞ്ജു.എം | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.രാജലക്ഷ്മി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 30-12-2022 |
| ശ്രീമതി.നിഷ എലിസബത്ത് ജോഷ്വാ | ഫിഷറീസ് ഇൻസ്പെക്ടർ | 30-12-2022 | 05-02-2023 |

| | | | |
|---|---|---|---|
| ശ്രീ.സുബാഷ് സി.എൽ | ഫിഷറീസ് ഇൻസ്പെക്ടർ | 06-02-2023 | 31-03-2023 |
| ശ്രീമതി.ഷീബ ഫ്രാൻസിസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് സാജിദ് .കെ | അക്രഡിറ്റഡ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഇക്ബാൽ | വി.ഇ.ഒ.(സർക്കിൾ-1) | 01-04-2022 | 31-03-2023 |
| ശ്രീമതി.ധന്യ | വി.ഇ.ഒ.(സർക്കിൾ-2) | 01-04-2022 | 13-08-2022 |
| ശ്രീ. മനോജ്കുമാർ | വി.ഇ.ഒ.(സർക്കിൾ-2) | 13-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1.1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1.2 |
| 4 | പെയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR നിന്ന് ഒഴിവാക്കിയില്ല | 1-1.3 |
| 5 | സമയബന്ധിതമായി വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1.4 |
| 6 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെടുത്തിയില്ല | 1-1.5 |
| 7 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1.6 |
| 8 | വാർഷിക കണക്കുകളിലേയും രജിസ്റ്ററുകളിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1.7 |
| 9 | വസ്തു നികുതി സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപെടുന്നില്ല | 1-1.8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയോടൊപ്പം ജി.എസ്.ടി. ഈടാക്കിയില്ല | 1-11 |
| 20 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 21 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 22 | ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചില്ല | 1-14 |
| 23 | കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ | 1-15 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 24 | ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആംബുലൻസ് - വരവ്, പരിപാലനം - അപാകതകൾ. | 1-16 |
| 25 | ഫെറിമാൻ തസ്തികയിൽ സർക്കാർ നിർദ്ദേശിച്ച വേതനത്തേക്കാൾ അധികം നൽകി. | 1-17 |
| 26 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചികിത്സാ സഹായം നൽകി. | 1-18 |
| 27 | പാലിയേറ്റിവ് ഹോംകെയർ യാത്രയ്ക്ക് ആംബുലൻസ് ഡ്രൈവർക്ക് വേതനത്തോടൊപ്പം ബാറ്റ നൽകിയത് അംഗീകരിക്കുന്നില്ല. | 1-19 |
| 28 | ഇ.എം.ഡി തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. | 1-20 |
| 29 | മരുന്ന് ലഭ്യമാക്കിയില്ല - 923980/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 30 | ഭൗതിക സാഹചര്യം വിലയിരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കാരണം കാലതാമസം | 1-22 |
| 31 | ഫൈൻ ഈടാക്കിയതിൽ കുറവ്. | 1-23 |
| 32 | ജി.എസ്.റ്റി വിഹിതം കുറവു ചെയ്തില്ല | 1-24 |
| 33 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-25 |
| 34 | അധികാരികളുടെ കൺമുന്നിൽ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന രഹിതം | 1-26 |
| 35 | ഭവന നിർമ്മാണം - പൂർത്തിയാക്കിയില്ല | 1-27 |
| 36 | പഞ്ചായത്ത് ഓഫീസിലെ സി.സി.ടി.വി ക്യാമറയ്ക്ക് എ.എം.സി - ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കി | 1-28 |
| 37 | കുഴൽ കിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പിന് 764000 രൂപ നൽകി - പ്രവൃത്തി ആരംഭിച്ചില്ല | 1-29 |
| 38 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 21000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 39 | നെൽകൃഷി - പദ്ധതി അപാകതകൾ | 1-31 |
| 40 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-32 |
| 41 | ഹരിതകർമ്മ സേന – അവലോകനം | 1-33 |
| 42 | തനതുവിഭവ സമാഹരണം - അവലോകനം | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഫെറിമാൻ തസ്തികയിൽ സർക്കാർ നിർദ്ദേശിച്ച വേതനത്തേക്കാൾ അധികം നൽകി. | 3-1 |

| | | |
|---|---|---|
| 2 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചികിത്സാ സഹായം നൽകി. | 3-2 |
| 3 | പാലിയേറ്റിവ് ഹോംകെയർ യാത്രയ്ക്ക് ആംബുലൻസ് ഡ്രൈവർക്ക് വേതനത്തോടൊപ്പം ബാറ്റ നൽകിയത് അംഗീകരിക്കുന്നില്ല. | 3-3 |
| 4 | ഫൈൻ ഈടാക്കിയതിൽ കുറവ്. | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃതഓഡിറ്റ്റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 23.06.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 24.06.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാകാക്കിയ ഈ അക്കൌണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്,നോട്ട് ഓൺ അക്കൗണ്ട് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

### 1-1.2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസ്ങ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ = -2265726/-

നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = -100329/-

വ്യത്യാസം = 2165397/-

### 1-1.3 പെയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR നിന്ന് ഒഴിവാക്കിയില്ല

പ്രോജക്ട് 120/23 പ്രകാരമുള്ള 3400/- രൂപയുടെ (വികസന ഫണ്ട് ജനറൽ) ചെലവ് ACR യിൽ ഉൾപ്പെട്ടു. എന്നാൽ പെയ്മെന്റ് ആയിട്ടില്ല.

### 1-1.4 സമയബന്ധിതമായി വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ (31-3-23) ൽ മാത്രമാണ് വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുന്നത്.

### 1-1.5 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെടുത്തിയില്ല

പട്ടംഉരുത്ത് വെസ്റ്റ് വാർഡിൽ കുഴൽ കിണർ നിർമ്മാണം ഭൂജല വകുപ്പിന് തുക നൽകൽ പദ്ധതി പ്രകാരം 764010/- രൂപ (വികസന ഫണ്ട് ജനറൽ- 164010/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 599990/-) ഭൂജല വകുപ്പിന് നൽകി. എന്നാൽ 164010/- രൂപയുടെ വിവരങ്ങൾ Advance To Implementing Agencies-Deposit With Ground Water Department എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1.6 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

Advance To MGNREGS Expense ൽ Literacy യ്ക്ക് നൽകിയ 276120/- രൂപ കൂടി ഉൾപ്പെടുത്തി.

ഉൾപ്പെടുത്തേണ്ടിയിരുന്നത്

Advance To MGNREGA – 174923/-

Literacy – 276120/-

ഉൾപ്പെടുത്തിയത്

ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂളിൽ Advance To MGNREGA Expense -451043/- രൂപ

### 1-1.7 വാർഷിക കണക്കുകളിലേയും രജിസ്റ്ററുകളിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല

AFS പ്രകാരം ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂളിൽ

Advance To Implementing Agencies - Deposit With Kerala Electricity Board - 487965/-

രജിസ്റ്റർ പ്രകാരം

Advance To Implementing Agencies-Deposit With Kerala Electricity Board - 464763/-

Electric Post Shifting നൽകിയ 23202/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് അഡ്ജസ്റ്റ് ചെയ്യാത്തതിനാലാണ് വ്യത്യാസം ഉണ്ടായത്.

### 1-1.8 വസ്തു നികുതി സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപെടുന്നില്ല

| Property Tax | | Demand | Collection | Balance |
|---|---|---|---|---|
| Property Tax Residential( Current) | AFs | 579361 | 578861 | 500 |
| | DCB Statement | 579361 | 578885 | 476 |

| | | | | |
|---|---|---|---|---|
| Property Tax Non Residential( Current) | AFs | 622246 | 610900 | 11346 |
| | DCB Statement | 622246 | 611440 | 10806 |

## 1-2 ബജറ്റ്

23.3.22 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 14.3.23 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9708928/- |
| ഓഡിറ്റ് വർഷത്തെ വരവ് | 20830591/- |
| ആകെ | 30539519/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 20930920/- |
| നീക്കിയിരിപ്പ് | 9608599/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 278154/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2087630/- |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഫണ്ടുകളുടെ ട്രഷറി അക്കൌണ്ടിൽ വന്ന വരവ്, ചെലവ് എന്നിവ മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ (ലാപ്പ്സായ തുക) (₹) | കുറിപ്പ് (₹) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 0 | 7679396/- | 7679396/- | 7216743/- | 462653/- | |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 4750604/- | 4750604/- | 4284492/- | 466112/- | |
| വികസനഫണ്ട് (റ്റി. എസ്.പി) | | 0 | 0 | 0 | 0 | 0 | - |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 0 | 1666000/- | 1666000/- | 1531474 /- | 134526/- | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 0 | 4570000/- | 4570000/- | 4570000/- | 0 | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | ട്രഷറി | 0 | 1492901/- | 1492901/- | 60000/- | 1432901 | - |
| | ബാങ്ക് | 1019479 | 1905000/- | 2924479/- | 1219155/- | 1705324/- | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | ട്രഷറി | 0 | 424722/- | 424722/- | 371741/ | 52981/- | - |
| | ബാങ്ക് | 71269 | 1331626/- | 1402895/- | 1220825/- | 182070/- | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | | |
| SWAK | | 4934252/- | 135552/- | 5069804/- | 625060/- | 4444744/- | - |
| ലൈഫ് മിഷൻ- സ്റ്റേറ്റ് ഷെയർ | | 8,00,000/- | 1,00,000/- | 9,00,000/- | 500000 | 4,00,000/- | - |
| ശുചിത്വമിഷൻ | | 858535/- | 0 | 858535/- | 0/- | 858535/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | | |
| ICDS | | 549219/- | 519802/- | 1069021- | 152618/- | 916403/- | - |

| | | | | | | |
|---|---|---|---|---|---|---|
| MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2215/- | 609486/- | 611701/- | 596778/- | 14923/- | - |
| സാക്ഷരത | 1313/- | 0 | 1313/- | 0 | 1313/- | - |
| SSA | 1,00,000/- | 0 | 1,00,000/- | 0 | 1,00,000/- | - |
| BMC | 322507/- | 9455/- | 331962/- | 0 | 331962/- | - |
| Health Grant, PHC | 0 | 210939/- | 210939/- | 0 | 210939/- | - |
| Health Grant, Sub Centre | 0 | 81142 /- | 81142/- | 0 | 81142/- | - |
| Ayush Wellness Centre | 219377/- | 500000/- | 719377/- | 0 | 719377/- | - |
| Anganwadi Construction | 0 | 337375/- | 337375/- | 0 | 337375/- | - |
| CMDRF | 9000/- | 0 | 9000/- | 0 | 9000/- | - |
| TSC | 556955/- | 130000/- | 686955/- | 48000/- | 638955/- | - |
| Nirmal Puraskar | 498500 | 0 | 498500 | 0 | 498500/- | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 56759870 | 93 | 22969468 | 0 | 25 | 78.15 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2215 | 609486 | 611701 | 596778 | 14923 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | O | 23969847 | 23969847 | 23969847 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 23280 |
| കർഷകതൊഴിലാളി പെൻഷൻ | 897000 |
| വിധവാപെൻഷൻ | 5355600 |
| വാർദ്ധക്യകാലപെൻഷൻ | 9241000 |
| വികലാംഗപെൻഷൻ | 1957200 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 22400 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-08-23 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 5113/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും ഐ.എൽ.ജി.എം.എസ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. മാനുവൽ രസീത് ഉപയോഗിച്ച് ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ട്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികൃതമാക്കി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ചെക്കായി നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുകയും ലഭിക്കുന്ന ചെക്കുകൾ കൃത്യമായി ബാങ്കിൽ നൽകി അക്കൌണ്ടിൽ ക്രഡിറ്റ് ആക്കുകയും ചെയ്യുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി യാതോരു നടപടിയും സ്വീകരിച്ചിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നതിനും അഭ്യന്തര നിയന്ത്രണ സംവിധാനം പര്യാപ്തമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.3.16 To 14.3.16 | 2010-11 To 2014-15 | 16.4.16 |
| പെർഫോർമൻസ് ഓഡിറ്റ് | 05.01.2023 | 10/22 To 12/22 | |

## 1-11 ഷോപ്പിംഗ് കോംപ്ലക്സ് വാടകയോടൊപ്പം ജി.എസ്.ടി. ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ സിവിൽ സപ്ലൈസ് കോർപറേഷന് നൽകിയിട്ടുള്ള 1,2,4 കടമുറികൾ, എസ്.ബി.ഐ. യുടെ എ.ടി.എം. പ്രവർത്തിക്കുന്ന കടമുറി നം. 7 എന്നിവയുടെ പ്രതിമാസ വാടകനിരക്ക് യഥാക്രമം 1329( കടമുറി നം.1&2), 1155, 5000 രൂപയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച വാടകയ്ക്ക് നൽകിയിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് 01.07.2017 മുതൽ ജി.എസ്.ടി. ബാധകമാക്കിയിട്ടുണ്ട്. (01.11.2017-ലെ സ.ഉ.(അച്ചടി)നം.87/2017/ ത.സ്വ.ഭ.വ നം. ഉത്തരവ് ) എന്നാൽ മേൽ കടമുറികളിൽ നിന്നും ഈടാക്കുന്ന വാടകയോടൊപ്പം വാടകയുടെ 18% ജി.എസ്.ടി. ഈടാക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജി.എസ്.ടി. ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 3/10.08.23

## 1-12 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന വ്യക്തികൾ ഉടമസ്ഥരായിട്ടുള്ള ഹോംസ്റ്റേ / റിസോട്ടുകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | കെട്ടിട നം. | റിസോർട്ട് / ഹോം സ്റ്റേ |
|---|---|---|---|
| 1 | രഞ്ജിത് ആർ. എസ്, രതീഷ് ഭവനം, നെന്മേനി തെക്ക് | 9/280 | ഹോം സ്റ്റേ |
| 2 | ഗോപാലകൃഷ്ണൻ, എസ്.കെ.ബി. ഹൌസ്, നെന്മേനി തെക്ക് | 9/246 | റിസോർട്ട് |
| 3 | ആരാം പോൾ, ചിറ്റിലപ്പള്ളിൽ ഹൌസ്, കല്ലൂർ | 9/230 | ഹോം സ്റ്റേ |
| 4 | ആശ ബി, പുത്തൻപുരയിൽ, നെന്മേനി തെക്ക് | 9/250 | ഹോം സ്റ്റേ |
| 5 | മാത്തുണ്ണി തരകൻ, ലേക്ക് കോട്ടേജ്, മണക്കടവ് | 9/254 | ഹോം സ്റ്റേ |
| 6 | ഷംലാ കുമാരി, പാലത്തിൻ കട,<br>നെന്മേനി | 9/261 | ഹോം സ്റ്റേ |
| 7 | അമ്പിളി & സുരേഷ്, വള്ളിത്തറയിൽ പട്ടംഉരുത്ത് | 10/374 | ഹോം സ്റ്റേ |

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് എടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017, എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം) ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമ നം 149) പ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള 9 റേഷൻകടകളിൽ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.

അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഈ കടകൾക്ക് എല്ലാം നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി നൽകി. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും റേഷൻകടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 14/16.08.23

## 1-13 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല എന്നു കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | പാട്ടം ഉരുത്ത് ക്ഷീരസംഘം | I,II |
| 2 | കിടപ്രം ക്ഷീരസംഘം | I,II |
| 3 | കണ്ണാംകാണി ക്ഷീരസംഘം | I,II |
| 4 | പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാർ | I,II |

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 തീയതിയിലെ (സി.എസ്.)എ 9- 764/2019 സർക്കുലർ, പ്രകാരം റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18/17.08.23

## 1-14 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| വി.ഇ.ഒ | S00114/23, എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | വികസന ഫണ്ട് (എസ്.സി.പി. ) – 182869 | വികസന ഫണ്ട് (എസ്.സി.പി. ) - 182869 ബിൽ നം. 8 തീ. 25.02.23 |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (S00114/23) എന്ന പദ്ധതി പ്രകാരം ചുവടെ പറയുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പ് നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര്, മേൽവിലാസം |
|---|---|
| 1 | സാന്ദ്ര സജേഷ്, സജേഷ് ഭവനം |
| 2 | നന്ദ, നന്ദനം |
| 3 | അഭിരാമി, പുത്തൻ വീട്ടിൽ കിഴക്കതിൽ |
| 4 | ശ്രീലാൽ, ശിവമന്ദിരം |
| 5 | അപർണ്ണ എസ്., ആകാശ് ഭവനം |

തദ്ദേശസ്വയംഭരണവകുപ്പിന്റെ സ.ഉ. (എം. എസ്.) നം. 115/2022 തീയതി 28.05.2022 മാർഗ്ഗരേഖയിലെ ഖ. 2.13 ൽ സ്കൂളുകൾ ,ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ ഗുണഭോക്താക്കളാകുന്ന സന്ദർഭത്തിൽ സ്ഥാപനമേധാവി നൽകുന്ന ലിസ്റ്റിൽ നിന്നും അർഹരായവരെ കണ്ടെത്തി അതനുസരിച്ചുള്ള ഗുണഭോക്തൃലിസ്റ്റിന് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയശേഷമാകണം നിർവ്വഹണഉദ്യോഗസ്ഥൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതെന്നും,

ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഏറ്റവും അടുത്ത് കൂടുന്ന ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ച മേൽവിദ്യാർത്ഥികളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കി. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 14/16.08.23

## 1-15 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം – 53/23

അടങ്കൽ തുക - 250000/-രൂപ (വികസന ഫണ്ട് – ജനറൽ)

ചെലവ് - 250000/- രൂപ (വികസന ഫണ്ട് – ജനറൽ, ഗുണഭോക്തൃവിഹിതം നേരിട്ട് അടവാക്കുന്നു.)

ബിൽ നം/ തിയതി - 15/9.2.23

2022-23 വർഷം വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 4-6മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ 20 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ വിഭാവനം ചെയ്തു. തദ്ദേശഭരണ സ്ഥാപന വിഹിതം- 6250/- രൂപ, സംസ്ഥാന വിഹിതം- 6250/- രൂപ ഉൾപ്പെടെ 12500/- രൂപ നിരക്കിൽ ആകെ 250000/- രൂപ സബ്സിഡിയിനത്തിൽ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിന് നൽകി. ഈ തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 250000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം – 15/17.8.23
തടസ്സപ്പെടുത്തിയ തുക – 250000/- രൂപ

## 1-16 ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആംബുലൻസ് - വരവ്, പരിപാലനം - അപാകതകൾ.

പാലിയേറ്റീവ് പദ്ധതി പ്രകാരമുള്ള ഹോംകെയറിനും, മറ്റ് സ്വകാര്യ യാത്രകൾക്കും വാടകയ്ക്കും ഓടുന്ന ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ (KL-02-BA-8163) പരിപാലനത്തിൽ താഴെപ്പറയും പ്രകാരം അപാകതകൾ കാണുന്നു.

1) ആംബുലൻസ് വരവ് യഥാസമയം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയില്ല.

ആംബുലൻസ് ഓടിയ വകയിൽ രസീതു പ്രകാരം കളക്ട് ചെയ്ത തുക ആ ദിവസമോ, തൊട്ടടുത്ത പ്രവൃത്തി ദിവസമോ ഗ്രാമപഞ്ചായത്തിൽ ഒടുക്കവരുത്തുന്നില്ല. വിശദാംശം താഴെപ്പറയും പ്രകാരമാണ്.

| രസീതു നം / കളക്ട് ചെയ്ത തിയതി | കളക്ട് ചെയ്ത തുക (രൂപ) | ഗ്രാമപഞ്ചായത്തിൽ ഒടുക്കവരുത്തിയ തിയതി |
|---|---|---|
| 145/24.12.22 | 1046/- | 28.12.22 |
| 184/7.3.23 | 1018/- | 14.3.23 |
| 205/11.4.23 | 2740/- | 17.4.23 |
| 206/14.4.23 | 1046/- | 17.4.23 |

| | | |
|---|---|---|
| 212/20.4.23 | 556/- | 25.4.23 |
| 223/5.5.23 | 640/- | 30.5.23 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രോഗികളുടെ ചികിൽസക്കായി പോകുമ്പോൾ തൽസമയം വാഹനത്തിന്റെ വാടക തരുവാൻ നാട്ടുകർക്ക് കഴിയുന്നില്ല എന്നതു കൊണ്ടാണ് ഒടുക്കുവാൻ കാലതാമസം ഉണ്ടാകുന്നത് എന്ന് അറിയിച്ചു. നിലവിൽ രോഗികളെ കൊണ്ടുപോകുന്ന ദിവസം തന്നെ രസീത് എഴുതുന്നു. വാടകയിനത്തിൽ ലഭിക്കുന്ന തുക അന്നേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ലോഗ് ബുക്കിലെ അപാകതകൾ

ലോഗ് ബുക്കിൽ ഫ്യവൽ ഉപയോഗിച്ചതിന്റെ മാസാന്ത്യ സംക്ഷിപ്തം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആംബുലൻസിന്റെ ഒരോ യാത്രയും കസ്റ്റോഡിയനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധനയ്ക്ക് വിധേയമാക്കുകയോ, പാലിയേറ്റീവ് ഹോംകെയർ യാത്രകൾ മെഡിക്കൽ ഓഫീസർ/ പാലിയേറ്റീവ് നേഴ്സ് സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

എൻക്വയറി നം – 8/14.8.23

1-17 ഫെറിമാൻ തസ്തികയിൽ സർക്കാർ നിർദ്ദേശിച്ച വേതനത്തേക്കാൾ അധികം നൽകി.

2022-23 വർഷം പുളിമൂട്ടിൽ കടവ്, ചിറയിൽ കടവ് എന്നിവിടങ്ങളിൽ ഫെറിമാൻ തസ്തികയിൽ ഗ്രാമപഞ്ചായത്ത് നിയമിച്ച വ്യക്തികൾക്ക് പ്രതിദിനം 1000/- രൂപ നിരക്കിൽ വേതനം നൽകി. 11.2.21 -ലെ ജി.ഒ(പി)നം.29/2021/ധനം സർക്കാർ ഉത്തരവ് പ്രകാരം ടി തസ്തികയ്ക്ക് നിർദ്ദേശിച്ച പരമാവധി മാസവേതനം 18825/- രൂപയാണ്. പ്രതിദിനം 1000 രൂപ നിരക്കിൽ വേതനം നൽകിയതു മൂലം തൻവർഷം 2,35,500/- രൂപ അധികം നൽകിയതായി തനത് ഫണ്ട് ചെലവ് വൌച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പേര് | വേതനം നൽകിയ കാലയളവ് | നൽകിയ തുക (രൂപ) | നൽകേണ്ട തുക (രൂപ) | അധികം നൽകിയ തുക | ചെക്ക നം./ തീയതി |
|---|---|---|---|---|---|
| ശ്രീ. അഗസ്റ്റി<br>ശ്രീ. ഷിബു | 4/21 To 9/21 | 183000/-<br>183000/- | 112950/-<br>112950/-<br>(@18825*6) | 70050/-<br>70050/- | 5702501/ 30.4.22 |
| ശ്രീ. അഗസ്റ്റി<br>ശ്രീ. ഷിബു | 10/21 To 12/21 | 92000/-<br>92000/- | 56475/-<br>56475/-<br>(@18825*3) | 35525/-<br>35525/- | 5702509/ 1.7.22 |
| ശ്രീ. അഗസ്റ്റി<br>ശ്രീ. ഷിബു | 1/22 | 31000/-<br>31000/- | 18825/-<br>18825/- | 12175/-<br>12175/- | 7326084/ 5.9.22 |
| | | | ആകെ- | 2,35,500/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2018-ലെ ശക്തമായ വെള്ളപ്പൊക്കത്തിൽ പുളിമൂട്ടിൽ കടവ്, ചിറയിൽ കടവ് എന്നിവിടങ്ങളിലെ പാലങ്ങൾ പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാത്ത സാഹചര്യത്തിലാണ് 500/- രൂപ പ്രതിദിനവേതന നിരക്കിൽ മേൽ വ്യക്തികളെ ഫെറിമാൻ തസ്തികയിൽ നിയമിച്ചതെന്നും, 2019 ഒക്ടോബർ മാസം ഈ പാലങ്ങളിലൂടെയുള്ള യാത്ര പൂർണ്ണമായി നിരോധിച്ച് ഇരുമ്പ് ദണ്ഡു ഉപയോഗിച്ച് ബ്ലോക്ക് ചെയ്തതിനാൽ രാത്രി കാലങ്ങളിലെ ജനങ്ങളുടെ യാത്രക്ക് ബുദ്ധിമുട്ട് നേരിട്ടതിനെ

തുടർന്ന് പൊതുജനങ്ങൾ നിരന്തരം പഞ്ചായത്തിൽ പ്രക്ഷോഭം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 5.10.2019ലെ 2(1) നമ്പർ തീരുമാനപ്രകാരം രാത്രികാലങ്ങളിൽ കൂടി കടത്ത് ഏർപ്പെടുത്തുകയും, പ്രതിദിനം 1000/- രൂപ അനുവദിക്കുകയും ചെയതു എന്നും, നിലവിൽ 16000/- രൂപ നിരക്കിലാണ് പ്രതിമാസം വേതനം നൽകുന്നത് എന്നും മറുപടി ലഭ്യമാക്കി. ഒരേ വ്യക്തികൾ തന്നെ തുടർച്ചയായി 24 മണിക്കൂർ വർഷങ്ങളായി ജോലിയിൽ ചെയ്തതിന്റെ മസ്റ്റർറോൾ ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, സർക്കാർ നിർദ്ദേശിച്ച നിരക്കിൽ അധികമായി വേതനം നൽകിയതിനാലും മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശിച്ച വേതന പരിധിയേക്കാൾ അധികം നൽകിയ 2,35,500/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

എൻക്വയറി നം - 6/14.8.23
നിരാകരിച്ച തുക – 235500/- രൂപ

## 1-18 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചികിത്സാ സഹായം നൽകി.

നെന്മേനി കിഴക്ക് വാർഡിൽ (വാർഡ്-6) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തട മാസ്റ്റർപ്ലാൻ പ്രകാരം മണ്ണുജലസംരക്ഷണം ഘട്ടം-5 എന്ന പദ്ധതിയിൽ ജോലി നടക്കുന്ന സമയത്ത് കാട് വെട്ടിത്തെളിച്ചപ്പോൾ ശ്രീ. ജൂബി. പി. സാമാം (തൊഴിൽ കാർഡ് നം-6/307) എന്ന തൊഴിലാളിയുടെ കൈയ്യിൽ വെട്ടുകത്തികൊണ്ട് മുറിവുണ്ടായതിനെ തുടർന്ന് കുണ്ടറ താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോകുകയും, അവിടെ നിന്ന് ജില്ലാ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും ചെയ്തു. എന്നാൽ ജില്ലാ ആശുപത്രിയിൽ കൊണ്ടുപോകാതെ ടിയാനെ കുണ്ടറ L.M.S.B.B സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോയി സർജ്ജറി നടത്തിയ വകയിൽ ഗ്രാമപഞ്ചായത്ത് 14163/- രൂപ (ചെക്ക് നം-803990/ 14.11.22) നൽകി.

5.2.2021-ലെ ഡി.ഡി-2/252/2020/ത.സ്വ.ഭ.വ സർക്കാർ സർക്കുലർ ഖണ്ഡിക 1 (എ) പ്രകാരം പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഏതോരു തൊഴിലാളിക്കും പ്രവൃത്തിയുടെ ഭാഗമായി അപകടങ്ങൾ മൂലം പരിക്ക് സംഭവിക്കുകയാണെങ്കിൽ അതാത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ സൌജന്യ ആശുപത്രി ചികിത്സ ഉറപ്പാക്കേണ്ടതാണ്.

ഖണ്ഡിക 2 പ്രകാരം പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക്കോ, തൊഴിലാളിയോടൊപ്പം പ്രവൃത്തിസ്ഥലത്ത് എത്തുന്ന കുട്ടിക്കോ മേൽ പരാമർശിക്കപ്പെട്ട പ്രകാരം അപകടങ്ങൾ സംഭവിച്ചാൽ തൽസമയം തന്നെ ഏറ്റവും അടുത്ത സർക്കാർ ആശുപത്രിയിൽ എത്തിച്ച് ചികിത്സ ഉറപ്പാക്കേണ്ടതും, പ്രസ്തുത വിവരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. സർക്കാർ ആശുപത്രി ഇല്ലാത്ത ഇടങ്ങളിൽ തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടാവുന്നതാണ്. സ്വകാര്യ ആശുപത്രിയിലാണെങ്കിൽ അവിടുത്തെ അടിയന്തിര ചികിത്സയെ തുടർന്ന് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ വിവിധ തലത്തിലുള്ള സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളജ് എന്നിവയുടെ സേവനം തേടേണ്ടതാണ്.

ഖണ്ഡിക 3 പ്രകാരം സർക്കാർ ആശുപത്രിയിൽ നടത്തുന്ന ചികിത്സക്കും, അനുബന്ധചെലവുകൾക്കുമുള്ള തുക പ്രസ്തുത സർക്കാർ മെഡിക്കൽ ഓഫീസർ നൽകുന്ന ചികിത്സവിവരത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. സ്വകാര്യ ആശുപത്രിയിലെ ചികിത്സചെലവുകൾ ഒരു സർക്കാർ മെഡിക്കൽ ഓഫീസറുടെ പരിശോധനയുടെയും സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ച് നൽകാവുന്നതാണ്.

മേൽ പരാമർശിക്കപ്പെട്ട രേഖകളോ, വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സർക്കാർ ഉത്തരവിനും, സർക്കാർ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശത്തിനും വിരുദ്ധമായി സ്വന്തം ഇഷ്ടപ്രകാരം സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയ വകയിലുള്ള 14163/- രൂപയുടെ ചെലവ്

നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രോഗിയുടെ ആരോഗ്യസ്ഥിതി മോശമാവുകയും രക്തം വളരെയേറെ നഷ്ടപ്പെടുകയും ചെയ്തതിനാലാണ് തൊട്ടടുത്തുള്ള സ്വകാര്യ ഹോസ്പിറ്റലിൽ കൊണ്ടുപോയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. രോഗിയുടെ ആരോഗ്യസ്ഥിതി അറിയാവുന്ന ഡോക്ടറുടെ നിർദ്ദേശത്തിന് വിരുദ്ധമായി സ്വകാര്യ ഹോസ്പിറ്റലിൽ ചികിത്സ തേടിയ നടപടി അംഗീകാരയോഗ്യമല്ല. ചികിത്സ നടത്തിയതിന്റെയും, തുക ചെലവഴിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ചികിത്സാചെലവിനത്തിൽ നൽകിയ 14163/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം – 7/14.8.23

നിരാകരിക്കുന്ന തുക – 14163/- രൂപ

1-19 പാലിയേറ്റിവ് ഹോംകെയർ യാത്രയ്ക്ക് ആംബുലൻസ് ഡ്രൈവർക്ക് വേതനത്തോടൊപ്പം ബാറ്റ നൽകിയത് അംഗീകരിക്കുന്നില്ല.

2022-23 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് പാലിയേറ്റിവ് പരിചരണ സഞ്ജിവിനി ഹോംകെയർ പദ്ധതി. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര് - സഞ്ജിവിനി ഹോംകെയർ പദ്ധതി

പ്രോജക്ട് നം - 5/23

അടങ്കൽ തുക - 744706/- രൂപ (394706/- വികസനഫണ്ട് ജനറൽ, 100000/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 250000/- ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് തുക - 720891/- രൂപ (370901/- വികസനഫണ്ട് ജനറൽ, 99990/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 250000/- ജില്ലാ പഞ്ചായത്ത് വിഹിതം)

പാലിയേറ്റിവ് കെയർ പദ്ധതി പ്രകാരം ഹോംകെയർ യാത്രയ്ക്ക് പോകുന്ന ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആംബുലൻസ് ഡ്രൈവർക്ക് വേതനത്തോടൊപ്പം 200/- രൂപ നിരക്കിൽ ബാറ്റ നൽകി വരുന്നു. പദ്ധതി മാർഗ്ഗരേഖയിലെ പാലിയേറ്റിവ് പരിചരണ സംവിധാനത്തിലെ ഖണ്ഡിക2.8 പ്രകാരം ഹോംകെയറിന് ആവശ്യമായ വാഹനം തദ്ദേശസ്വയംഭരണസ്ഥാപനം ഏർപ്പെടുത്തണം. ഖണ്ഡിക 2.8(എ) പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ, ആരോഗ്യസ്ഥാപനത്തിന്റെയോ വാഹനങ്ങൾ സൌകര്യപ്പെടുന്ന ദിവസങ്ങളിൽ ഹോംകെയറിന് അനുവദിച്ച് നൽകാവുന്നതാണ്. ഇന്ധനചെലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയവ ഉൾപ്പെടുത്തി ഒരു ദിവസത്തെ ചെലവ് എച്ച്.എം.സി. കണക്കാക്കി പാലിയേറ്റീവ് കെയർ ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. കൂടാതെ, ഖണ്ഡിക 2.13 പ്രകാരം ഫോൺ ചാർജ്ജായി പരമാവധി 200/- രൂപ മാസനിരക്കിൽ നൽകാവുന്നതാണ്. ഖണ്ഡിക 2.6.5 പ്രകാരം ഹോംകെയറിന് പോകുന്നവർക്ക് ഭക്ഷണചെലവിനായി ഒരാൾക്ക് 80/- രൂപ നിരക്കിൽ 6 പേർക്കും തുക നൽകാവുന്നതാണ്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആംബുലൻസ് പാലിയേറ്റീവ് ഹോംകെയറിന് ഉപയോഗിക്കുന്ന ഓരോ യാത്രയ്ക്കും ഡ്രൈവറുടെ വേതനത്തിനോടൊപ്പം 200/- രൂപ നിരക്കിൽ ബാറ്റ നൽകിവരുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കാലയളവ് | ബാറ്റയിനത്തിൽ നൽകിയ തുക(രൂപ) | ബിൽനം /തിയതി |
|---|---|---|
| 4/22 | 3000/- | 1/15.6.22 |
| 5/22,6/22 | 6200/- | 2/13.7.22 |
| 7/22 | 3200/- | 4/19.8.22 |
| 8/22 | 1600/- | 7/7.10.22 |

| | | |
|---|---|---|
| 12/22 | 1400/- | 25/11.1.23 |
| 1/23 | 3200/- | 28/7.2.23 |
| 2/23 | 2600/- | 45/30.3.23 |
| ആകെ- | 21200/- | |

ഇഉ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഹോംകെയർ യാത്രയ്ക്ക് ആംബുലൻസ് ഡ്രൈവർക്ക് വേതനത്തോടൊപ്പം ബാറ്റ നൽകിയ നടപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ബാറ്റയിനത്തിൽ നൽകിയ 21200/- രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം - 9/14.8.23

നിരാകരിക്കുന്ന തുക – 21,200/- രൂപ

1-20 ഇ.എം.ഡി തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾ, ലേലം എന്നിവയ്ക്ക് വേണ്ടി ഇ.എം.ഡി. ഒടുക്കുമ്പോഴും റീഫണ്ട് ചെയ്യുമ്പോഴും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഓരോ വർഷവും ഇ.എം.ഡി. ഇനത്തിൽ വ്യക്തികൾ ഒടുക്കുവരുത്തുന്നതും, റീഫണ്ട് ചെയ്യുന്നതുമായ തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത തുകകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വ്യക്തിയുടെ പേര് | ഒടുക്കിയ തുക (രൂപ) | ഒടുക്കിയ രസീത് നം/ തിയതി | റീഫണ്ട് ചെയ്ത ചെക്കു നം/തിയതി |
|---|---|---|---|
| ശ്രീ. ഗോവിന്ദ്, മേടയിൽ പുത്തൻ വിട് | 5100/- | 120100100330/ 12.1.20 | 138623/27.3.23 |
| ശ്രീ. ഗോവിന്ദ്, മേടയിൽ പുത്തൻ വിട് | 2320/- | 119100101125/ 15.9.20 | 138623/27.3.23 |

ഇഉ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതിരുന്നതിനാലാണ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാൻ കഴിയാതിരുന്നതെന്നും 2023-24 വർഷം മുതൽ കാലിമാക്കി സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഒടുക്കുവരുത്തുന്നതും, റീഫണ്ട് ചെയ്യുന്നതുമായ എല്ലാ ഇ.എം.ഡി തുകകളും, അവയുടെ വിശദാംശങ്ങളും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാലിമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം - 11/14.8.23

1-21 മരുന്ന് ലഭ്യമാക്കിയില്ല - 923980/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷം മെഡിക്കൽ ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളാണ് പി.എച്ച്.സിക്ക് മരുന്നുകൾ വാങ്ങൽ, പാലിയേറ്റിവ് കെയർ പദ്ധതിക്ക് മരുന്ന് വാങ്ങൽ, ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ എന്നിവ. മരുന്നുകൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം /പേര് | നൽകിയ തുക (രൂപ) | മരുന്ന് ലഭ്യമായ തുക | മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്ന | ബിൽനം/ തിയതി |
|---|---|---|---|---|

| | | (രൂപ) | തുക (രൂപ) | |
|---|---|---|---|---|
| പി.എച്ച്. സിക്ക് മരുന്ന് വാങ്ങൽ (6/23) | 500000/- | 44625/- | 455375/- | 16/29.11.22 19/15.11.22 |
| പാലിയേറ്റിവ്കെയർ മരുന്ന് വാങ്ങൽ (5/23) | 99990/- | 0 | 99990/- | 9/14.11.22 |
| പാലിയേറ്റിവ്കെയർ മരുന്ന് വാങ്ങൽ (5/23) | 150000/- | 0 | 150000/- | 24/11.22 |
| പാലിയേറ്റിവ്കെയർ മരുന്ന് വാങ്ങൽ (5/23) | 130000/- | 0 | 130000/- | 13/29.11.22 |
| ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ (7/23) | 100000/- | 11385/- | 88615/- | 20/15.12.22 |
| ആകെ- | | | 923980/- | |

മരുന്ന് ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 923980/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 10/14.8.23

തടസ്സപ്പെടുത്തിയ തുക – 923980/- രൂപ

1-22 ഭൗതിക സാഹചര്യം വിലയിരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കാരണം കാലതാമസം

പ്രോജക്റ്റ് നം. 32/22-23 – മണക്കടവിൽ പൊതു ടോയ്‌ലെറ്റും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രവും

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 60000/-

കേന്ദ്രാവിഷ്കൃത ഗ്രാന്റ് - 540000/-

ആകെ – 600000/-

കരാർ - 8/21-22 തീയതി 18. 11.21

കാലാവധി - 6 മാസം

ഈ പ്രവൃത്തിയുടെ ആദ്യ ഇനങ്ങളായി കോക്കനട്ട്പൈലിംഗ്, ഡി.ആർ പാക്കിംഗ്, കോൺക്രീറ്റിംഗ് എന്നിവയായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. 21.01.22 ലെ അസി. എൻജിനിയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകമ്മിറ്റിയുടെ 11.2.22 ലെ തീരുമാനം നം. 1(2) പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ആയതു പ്രകാരം ആദ്യ ഇനങ്ങൾ റിംഗ് ബൗണ്ട് ടൈപ്പ് - Putting Up Ring Bund As Per Approved Size എന്നു മാറ്റിയിട്ടുണ്ട്.

പ്രവൃത്തിയുടെ സ്ഥല പരിശോധനയിൽ വെള്ളക്കെട്ടുള്ള ചതുപ്പ പ്രദേശത്താണ് നിർമ്മാണം എന്നു കാണാനായി. ഈ സ്ഥലത്തു ആദ്യ എസ്റ്റിമേറ്റു പ്രകാരമുള്ള പ്രവൃത്തി അസാധ്യവും ബലക്ഷയ സാധ്യതയുണ്ടാക്കുന്നതാണെന്നും പ്രഥമദൃഷ്ട്യാ വ്യക്തമാണ്. ഈ വസ്തുതകൾ വിലയിരുത്താതെയാണ് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതുകാരണം പ്രവൃത്തി അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യം ഉണ്ടായി. ആദ്യ പാർട്ട് ബിൽ ആയി നികുതി ഉൾപ്പെടെ 104805/- രൂപ ബിൽ നം. 2/15-7-22 പ്രകാരം നൽകിയിട്ടുണ്ട് (സി.എഫ്.സി- 60000 + 44805 കേന്ദ്രാവിഷ്കൃതം).

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു പ്രവൃത്തി നടക്കുന്ന സ്ഥലം വേലിയേറ്റ പ്രദേശമായതിനാൽ മഴക്കാലത്തും വേനൽ കാലത്തും ഒരുപോലെ വെള്ളക്കെട്ടുള്ളതിനാൽ വേഗത്തിൽ പൂർത്തീകരിക്കുക അസാധ്യമാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

നിലവിൽ റിംഗ് ബൗണ്ട് കോൺക്രീറ്റിൽ ഒരു പ്ലാറ്റ്ഫോമും അതിലേക്കു പോകുവാൻ ഒരു പാതയും

മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിലെ ടൂറിസത്തിന്റെ മർമ്മപ്രധാനമായ എസ് വളവ് എന്ന സ്ഥലത്താണ് നിർമ്മാണം നടക്കുന്നത്. ദിനംപ്രതി ധാരാളം സ്വദേശികളും വിദേശികളും എത്തുന്ന ഈ സ്ഥലത്തു അനിവാര്യമായ ഈ നിർമ്മിതി കാലതാമസം കൂടാതെ പൂർത്തീകരിക്കേണ്ടതാണ്. തനതു വരുമാനത്തിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗം കൂടിയാണ് ഈ വിശ്രമകേന്ദ്രം. ഈ പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം ഉൾക്കൊണ്ടു പ്രവൃത്തി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്

ആഡിറ്റ് എൻക്വയറി നം. 5/11-8-23

1-23 ഫൈൻ ഈടാക്കിയതിൽ കുറവ്.

പ്രോജക്റ്റ് നം. 25/23 (സ്പിൽ ഓവർ)

25/23 - നീറ്റം പുറത്ത് റോഡ് പാർശ്വഭിത്തി നിർമ്മാണം

അടങ്കൽ - 200000/- (വികസനഫണ്ട് സി.എഫ്.സി)

കരാറുകാരൻ – ശ്രീ. ഷാജി.

പ്രവൃത്തി കാലാവധി – 4 മാസം

കരാർ - 12/ 23.10.20

അളവു പുസ്തകം - 13/21-22

കരാർ പ്രകാരം 22.2.2021 ൽ പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി 30.3.2022 ലാണ് പൂർത്തീകരിച്ചത്. 57.2 ആഴ്ചകൾ വൈകിയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. വൈകിയതിനുള്ള പിഴ കേരള പബ്ലിക് വർക്സ് മാന്വൽ 2012 (GO(P)No.13/2012/PWD തീയതി -01.02.2012) സെക്ഷൻ 2116.1 പ്രകാരം പി.എ.സി തുകയായ 177820.85 രൂപയുടെ .1/%X 57.2 = 10171/- രൂപയാകുന്നു. ഈടാക്കിയെ ഫൈൻ 2880/-രൂപ. പിഴയിലെ കുറവു 7291/- രൂപ ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നം. 5/11/8/23

നഷ്ടം – 7291/- രൂപ

1-24 ജി.എസ്.റ്റി വിഹിതം കുറവു ചെയ്തില്ല

പ്രോജക്റ്റ് നം. 27/23 (സ്പിൽ ഓവർ) നെന്മേനി 69-ാം നമ്പർ അങ്കണവാടിക്കു ചുറ്റുമതിൽ

അടങ്കൽ – 450000/- (മെയിന്റനൻസ് ഫണ്ട്)

കരാറുകാരൻ - ശ്രീ. ഷാജി

അളവു പുസ്തകം - 14/21-22

കരാർ നം. 14/ 23.2.22

എഗ്രീഡ് പി.എ.സി – 304180

മേൽ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ തുകയായ 234117/- രൂപ (ബിൽ നം. 1 /29-4-22)ൽ നൽകിയപ്പോൾ ബിൽ തുകയിൽ നിന്നും ജി.എസ്.റ്റി കുറവു ചെയ്തില്ല. പ്രവൃത്തി മൂല്യം 209033/- രൂപയാകുന്നു. ഇതിന്റെ 2% ജി.എസ്.റ്റി ആയ 4181/- രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നു ഈടാക്കി അറിയിക്കേണ്ടതാണ്.

പ്രവൃത്തിയുടെ IInd & ഫൈനൽ ബിൽ തുക 255308/- (പ്രവൃത്തി മൂല്യം)യിൽ നിന്നും ആദ്യ ബിൽ തുക കുറവു (209033/- രൂപ) ചെയ്തു തുക നൽകിയ തുകയായ 46275/- രൂപയുടെ ജി.എസ്.റ്റി 926/- രൂപ കുറവു ചെയ്തിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/11-8-23ന് ഫൈനൽ ബിൽ തുക നല്കിയ

നിർവ്വഹണോദ്യോഗസ്ഥൻ ടിയാൻ നൽകിയ തുകയായ 46275/- രൂപയുടെ നികുതി മാത്രമാണ് ഈടാക്കിയതെന്ന മറുപടി ലഭ്യമാക്കി. ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള ജി.എസ്.റ്റി തുക 4181/- രൂപ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 1-25 തൊഴിലുറപ്പ് പദ്ധതി അവലോകനം

2022-23 വർഷത്തിലെ ലേബർ ബഡ്ജെറ്റ് പ്രകാരം 77287 മനുഷ്യദിനങ്ങൾ ലഭ്യമാകുന്ന പദ്ധതികൾ തയ്യാറാക്കിയിരുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക വേതനം ഉൾപ്പെടെ 223.66 ലക്ഷം രൂപ തൻവർഷം വേതനമിനത്തിൽ നൽകിയിട്ടുണ്ട്. അൺ സ്കിൽഡ് വേതനമായി 22021547/- രൂപയും സ്കിൽഡ്/സെമിസ്കിൽഡ് വേതനമായി 344262/- രൂപയും മെറ്റീരിയൽസ് വിലയായി 1259778/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 74200 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 451 തൊഴിലാളികൾ 100 ദിനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

വാട്ടർ കൺസർവേഷൻ, ഭൂവികസനം എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. തൊഴുത്ത് നിർമ്മാണം, കിണർ നിർമ്മാണം, എന്നീ വ്യക്തിഗത ആനുകൂല്യ നിർമ്മാണ പ്രവൃത്തികളും നടപ്പിലാക്കി. ആസ്തി നിർമ്മാണ പ്രവൃത്തികൾ കൂടുതൽ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. കാർഷികാവശ്യങ്ങൾക്കായി ഭൂവികസന പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഗുണഭോക്താക്കൾ കൃഷി ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

## 1-26 അധികാരികളുടെ കൺമുന്നിൽ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന രഹിതം

പഞ്ചായത്ത് കോമ്പൌണ്ടിൽ സ്ഥാപിച്ചിരിക്കുന്ന തുമ്പൂർമൂഴി മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനരഹിതമായി മാലിന്യ നിക്ഷേപത്താൽ നിറഞ്ഞു കിടക്കുന്നു. പ്ലാന്റ് സ്ഥാപനം, ചെലവു ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഉദ്യോഗസ്ഥരുടേയും, ഭരണകർത്താക്കളുടേയും കൺമുന്നിലാണ് ഈ അവസ്ഥയിൽ പ്ലാന്റ് മാലിന്യ കൂമ്പാരമായി കിടക്കുന്നത്. പ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്. പ്ലാന്റിന്റെ അവസ്ഥ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.




ഓഡിറ്റ് എൻക്വയറി നം. 7/17-8-23

## 1-27 ഭവന നിർമ്മാണം - പൂർത്തിയാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവനനിർമ്മാണത്തിനായി ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താവ് നാളിതു വരെയും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ലൈഫ് മിഷൻ അഡീഷണൽ ലിസ്റ്റ് ( എസ്.സി.പി.)

നിർവഹണം – വി.ഇ.ഒ.

പ്രോജക്ട് നമ്പർ – 40/22-23 (അടങ്കൽ തുക : 2680000/- രൂപ,

ചെലവ് തുക : 620000/- രൂപ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാറിൽ ഏർപ്പെട്ട തീയതി | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | അനിത കെ.എസ്., മണലുംപുറത്ത് വീട്, പട്ടംതുരുത്ത് | 27.01.2022 | 40000/-<br>160000/- | ബേസ്മെന്റ് നിർമ്മാണം പൂർത്തീകരിച്ചു. |

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/17.08.23

1-28 പഞ്ചായത്ത് ഓഫീസിലെ സി.സി.ടി.വി ക്യാമറയ്ക്ക് എ.എം.സി - ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കി

പദ്ധതി - 63/23, പഞ്ചായത്ത് ഓഫീസിലെ സി.സി.ടി.വി ക്യാമറയ്ക്ക് എ.എം.സി

അടങ്കൽ – 30000/- രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് – 30000/- രൂപ (ബിൽ നമ്പർ- 33/6-01-23)

പഞ്ചായത്ത് ഓഫീസിൽ നിലവിൽ പ്രവർത്തനരഹിതമായിരിക്കുന്ന 4 സി.സി.ടി.വി ക്യാമറകൾ റിപ്പയർ ചെയ്യുന്നതിനും ആയതിന് ആവശ്യമായ ഇലക്ട്രിക്ക് സാധനങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതിയായിരുന്നെങ്കിലും പുതിയ 4 ക്യാമറകൾ വാങ്ങി സ്ഥാപിക്കുകയാണ് ചെയ്തത്. പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയതിനു ശേഷം പദ്ധതിയുടെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കുന്നത് അനുവദനീയമല്ല. 2018-19 ലെ സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ പദ്ധതി പ്രകാരം 4 ക്യാമറ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി 29000/- രൂപ ചെലവഴിച്ചിരുന്നു. ഇവയുടെ മെയിന്റനൻസിനുവേണ്ടി അംഗീകരിച്ച പദ്ധതി പ്രകാരമുള്ള തുകയാണ് പുതിയ ക്യാമറകൾ വാങ്ങുന്നതിന് ചെലവഴിച്ചത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിലുള്ള നാല് ക്യാമറകൾ തകരാറിൽ ആയതിനാലാണ് പുതുതായി നാല് ക്യാമറകൾ വാങ്ങി സ്ഥാപിക്കേണ്ടി വന്നത് എന്ന് അറിയിച്ചു. ക്വട്ടേഷൻ ക്ഷണിച്ചിരുന്നത് സി.സി.ടി.വി ക്യാമറയ്ക്ക് എ.എം.സി എന്ന പദ്ധതിക്ക് വേണ്ടിയായിരുന്നു. എന്നാൽ ഏജൻസിയുടെ ബില്ലിലും നാല് ക്യാമറകൾ റീപ്ലേസ് ചെയ്തതിന്റെ വിവരങ്ങൾ മാത്രമാണുള്ളത്. നാല് ക്യാമറകൾ വാങ്ങിയതിന്റെ ക്വട്ടേഷൻ ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. സ്ഥല പരിശോധനയിൽ പഞ്ചായത്ത് ഓഫീസിനകത്തും പുറത്തുമായി പ്രവർത്തനക്ഷമമായ 8 ക്യാമറകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിലും പദ്ധതിയുടെ ഉദ്ദേശ്യത്തിൽ നിന്ന് വ്യതിചലിച്ച് നടപ്പാക്കിയതിനാലും ഈ പദ്ധതി പ്രകാരമുള്ള 30000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയതിന് വിശദീകരണവും ക്യാമറ വാങ്ങിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക - 30000/- രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ - 2/10-8-23

1-29 കുഴൽ കിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പിന് 764000 രൂപ നൽകി - പ്രവൃത്തി ആരംഭിച്ചില്ല

പദ്ധതി- 19/23, പട്ടംതുരുത്ത് വെസ്റ്റ് വാർഡിൽ കുഴൽ കിണർ നിർമ്മാണം ഭൂജല വകുപ്പിന് തുക നൽകൽ

അടങ്കൽ - 764010/- രൂപ (വികസന ഫണ്ട് ജനറൽ - 164010, ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 600000)

ചെലവ് - 764000/- രൂപ (വികസന ഫണ്ട് ജനറൽ - 164010, (ബിൽ നം – 52/28-3-23)

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 599990/-, (XVFC/2022-23/p/2)

പട്ടംതുരുത്ത് വെസ്റ്റ് വാർഡിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കുഴൽ കിണർ സ്ഥാപിക്കുന്നതിന് വേണ്ടി ഭൂജല വകുപ്പിന് 764000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 5/5/23-ാം ലെ 2(7) നമ്പർ തീരുമാനപ്രകാരം കുഴൽ കിണർ നിർമ്മാണം ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടി ആയി പഞ്ചായത്ത് റോഡ് മണ്ണിട്ട് ഫില്ല് ചെയ്യുന്നതിന് അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി പ്രവൃത്തി ചെയ്തിട്ടില്ല. കുഴൽ കിണർ നിർമ്മാണ പ്രവൃത്തിയുടെ സ്ഥിതിവിവരങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിയുടെ ടെൻഡർ ആരും ഏറ്റെടുത്തിട്ടില്ല എന്നും പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഭൂജല വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി. പദ്ധതി നടപ്പാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതിയ്ക്കായി നൽകിയ 764000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശമായതിനാൽ കുഴൽ കിണർ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 764000/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 8/10-8-23

## 1-30 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 21000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പദ്ധതി | നിർവ്വഹണ ഏജൻസി | നൽകിയ തുക ₹ | ബിൽ നം./തീയതി |
|---|---|---|---|
| 62/23, ഐ.കെ.എം ന് വിഹിതം നൽകൽ | ഐ.കെ.എം | 21000 /- | 10/19-8-22 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 21000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 21000/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ - 2/10-8-23

## 1-31 നെൽകൃഷി - പദ്ധതി അപാകതകൾ

പദ്ധതി - നെൽകൃഷി

അടങ്കൽ - 44656/- രൂപ (വികസന ഫണ്ട് ജനറൽ - 43736, തനത് ഫണ്ട് - 920)

ചെലവ് - 44656/- രൂപ (വികസന ഫണ്ട് ജനറൽ - 43736, ബിൽ നമ്പർ – 2/27-01-23, തനത്ഫണ്ട് - 920, ചെക്ക്നമ്പർ – 799726/28-2-23)

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നെൽകൃഷി എന്ന പദ്ധതിയിൽ ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് പൂട്ട് കൂലി ഇനത്തിൽ 22000/- രൂപ സബ്സിഡിയാണ് അനുവദനീയം. മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 10 ഗുണഭോക്താക്കൾക്ക് നെൽകൃഷി ചെയ്യുന്നതിന് പൂട്ട് കൂലി ഇനത്തിൽ 44656/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് പൂട്ടുകൂലിയിനത്തിൽ ചെലവായ തുകയുടെ ചെലവ് രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല. സ്ഥലപരിശോധനയിൽ നെൽകൃഷി ചെയ്തത് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം നൽകുമ്പോൾ ആയതിന് ആധാരമായ രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-32 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

| പദ്ധതിയുടെ പേര് | അടങ്കൽ തുക (രൂപ) | ചെലവു തുക (രൂപ) |
|---|---|---|
| ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ S009/23 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) -200000/- | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) -200000/-, (ബിൽ നമ്പർ 5/5-12-22) |

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 200000/- രൂപ ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. 101350/- രൂപയുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നിന്റെ വിലയായ 98650/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 98650/- രൂപ

ഓഡിറ്റ് എൻക്വയറി നം. 19/17.08.2023

## 1-33 ഹരിതകർമ്മ സേന – അവലോകനം

| | | | |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ പേര്, വാർഡുകളുടെ എണ്ണം | : | മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്<br>13 |
| 2 | ഓരോ വാർഡുകളിലെയും കുടുംബങ്ങളുടെ എണ്ണം/സ്ഥാപനങ്ങളുടെ എണ്ണം/ആകെ ജനസംഖ്യ | : | കുടുംബങ്ങൾ – 2392<br>സ്ഥാപനങ്ങൾ - 132 |
| 3 | ഹരിതകർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം(വാർഡ്തല വിവരം) | : | ഒരു വാർഡിൽ 2 പേർ വീതം ആകെ 26 പേർ |
| 4 | വാർഡുകളിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ | : | ഉണ്ട് |
| 5 | കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടോ? | : | ഉണ്ട് |
| 6 | ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളയ്ക്ക് യഥാസമയം കൈമാറുകയും ചെയ്യുന്നുണ്ടോ? | : | ഉണ്ട് |
| 7 | MCF കൾ,RRF കൾ ഉണ്ടോ? | : | MCF-1, താൽക്കാലികം |

| | | | |
|---|---|---|---|
| 8 | MCF കളുടെ പ്രവർത്തനം ഫലപ്രദമോ?<br>(വിശദവിവരം ചേർക്കുക) | : | താൽക്കാലിക കെട്ടിടം ആണ്. സ്ഥലപരിമിതികൾ ഉണ്ട്,<br>MCF ൽ അടിസ്ഥാന സൌകര്യങ്ങൾ കുറവാണ്. |
| 9 | ബെയിലിംഗ്,ഷ്രഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ? | : | ഇല്ല |
| 10 | ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനത്തിൽ പരിമിതികൾ ഉണ്ടോ?<br>പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ? | : | ഹരിതകർമ്മ സേനയ്ക്ക് വാഹനമില്ല, ചില വാർഡുകളിൽ വേലിയേറ്റ പ്രശ്നം ഉള്ളതിനാലും സ്ഥിരമായി ആളുകൾ താമസിക്കാത്തതിനാലും യൂസർഫീസിൽ കുറവുണ്ടാകുന്നുണ്ട്. അനൌൺസ്മെന്റ്, നോട്ടീസ് വിതരണം, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പടെയുള്ളവർക്ക് ബോധവൽക്കരണം എന്നിവ നടത്തുന്നുണ്ട്. |
| 11 | ഹരിതകർമ്മസേനാംഗങ്ങളുടെ മാസവരുമാനം ?<br>വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നുണ്ടോ? | : | Rs – 2076/-<br>ഇല്ല |
| 12 | ഹരിതകർമ്മ സേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നടക്കുന്നുണ്ടോ?<br>മോണിറ്ററിംഗ് സംവിധാനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ നടത്തുക | : | ഇല്ല, MCF ലെ സ്ഥല പരിമതി മൂലം ശേഖരണം നടക്കുന്നില്ല. |
| 13 | ഹരിതകർമ്മ സേനയുടെ വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികൾ?<br>(Eg:ജൈവമാലിന്യങ്ങൾ ഉപയുക്തമാക്കി ജൈവവളം ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾ......) | : | യൂസർഫീ കളക്ഷൻ |
| 14 | ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്താൻ കൈക്കൊണ്ട നടപടികൾ | : | വ്യാപാരി വ്യവസായികളെ വിളിച്ചുകൂട്ടി ബോധവൽക്കരണം നടത്തുകയും ഘടക സ്ഥാപനങ്ങളിലെ മേലധികാരികൾക്ക് പ്ലാസ്റ്റിക് മാലിന്യം കൈമാറുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. |
| 15 | നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം/പൊതുനിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ- സ്വീകരിച്ച നടപടികൾ | : | ഗ്രാമപഞ്ചായത്ത് തല മാലിന്യ മുക്തവുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ച് എല്ലാ കടകളിലും സ്ഥാപനങ്ങളിലും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കരുതെന്ന കർശന നിർദ്ദേശങ്ങൾ നൽകി. |
| 16 | ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് നൽകിയിട്ടുള്ളാ അടിസ്ഥാന സൗകര്യങ്ങൾ<br>(വാഹനങ്ങൾ, ഡ്രൈവിംഗ് പരിശീലനം, ഓഫീസ് സൗകര്യങ്ങൾ തുടങ്ങിയവ) | : | വാഹനം വാടകയ്ക്ക് നൽകിയിരിക്കുന്നു |

| | എന്തൊക്കെ? | |
|---|---|---|

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

1) മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളാണുള്ളത് എല്ലാ വാർഡുകളിലും രണ്ടംഗങ്ങൾ വീതം 26 ഹരിതകർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. വീടുകളിൽ നിന്നും മാസം തോറും 50/- രൂപ നിരക്കിലും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കുന്നത്. വാർഡുകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുവാൻ കഴിയുന്നില്ല. ശേഖരിക്കുന്നവ തരംതിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളക്ക് നൽകുകയും ചെയ്യുന്നു.

2) യൂസർ ഫീ വർധിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, വീടു വീടാന്തരം നോട്ടീസ് വിതരണം എന്നിവ നടപ്പിലാക്കി. എല്ലാ ഹരിതകർമ്മ സേന അംഗങ്ങൾക്കും വ്യക്തി വിവരങ്ങൾ അടങ്ങിയ ഹരിതകർമ്മസേനാ ഐ ഡി കാർഡ് പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്.

3) 1496/2020 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ ഐറ്റം 14 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും യൂസർ ഫീ രസീത്/ഗ്രീൻ കാർഡ് നിബന്ധമാക്കിയിട്ടുണ്ട്. 06.01.23 തീയതിയിലെ 41/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 100% യൂസർഫീ ശേഖരിക്കുന്നതിനായി അനുയോജ്യമായ നടപടികൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തുടർപ്രവർത്തന നിർദ്ദേശങ്ങൾ

1. ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

3. "മാലിന്യ മുക്ത പഞ്ചായത്ത് "എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യകത, നിർണായക സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന ക്ലീൻകേരള കമ്പനി ഏറ്റെടുക്കുകയും കരാർവ്യവസ്ഥപ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-34 തനതുവിഭവ സമാഹരണം - അവലോകനം

മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം സ്ഥായിയായ വരുമാന മാർഗ്ഗങ്ങൾ വളരെ കുറവാണ്. സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നാക്കം നിൽക്കുന്ന പഞ്ചായത്താണ് മൺറോത്തുരുത്ത്. നാമമാത്രമായ കച്ചവട സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും

മാത്രമുള്ളതിനാൽ തനതു വരുമാനം നന്നേ കുറവാണ്. പ്രകൃതി ഭംഗി കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേശത്തിന്റെ വിനോദസഞ്ചാര വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി തനതു വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1) വസ്തുനികുതി

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ഇത്തരത്തിലുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഇതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 05.05.2023-ലെ 6(1)-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിരുന്നു. നിലവിൽ അന്തിമ വിജ്ഞാപനവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2) തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.(ഖണ്ഡിക 1-13ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്)

3) ലൈസൻസ്-ഫീസ്

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ

പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (ഖണ്ഡിക 1-12 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഫെറിമാൻ തസ്തികയിൽ സർക്കാർ നിർദ്ദേശിച്ച വേതനത്തേക്കാൾ അധികം നൽകി.

2022-23 വർഷം പുളിമൂട്ടിൽ കടവ്, ചിറയിൽ കടവ് എന്നിവിടങ്ങളിൽ ഫെറിമാൻ തസ്തികയിൽ ഗ്രാമപഞ്ചായത്ത് നിയമിച്ച വ്യക്തികൾക്ക് പ്രതിദിനം 1000/- രൂപ നിരക്കിൽ വേതനം നൽകി. 11.2.21 -ലെ ജി.ഒ(പി)നം.29/2021/ധനം സർക്കാർ ഉത്തരവ് പ്രകാരം ടി തസ്തികയ്ക്ക് നിർദ്ദേശിച്ച പരമാവധി മാസവേതനം 18825/- രൂപയാണ്. പ്രതിദിനം 1000 രൂപ നിരക്കിൽ വേതനം നൽകിയതു മൂലം തൻവർഷം 2,35,500/- രൂപ അധികം നൽകിയതായി തനത് ഫണ്ട് ചെലവ് വൌച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തി.വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പേര് | വേതനം നൽകിയ കാലയളവ് | നൽകിയ തുക (രൂപ) | നൽകേണ്ട തുക (രൂപ) | അധികം നൽകിയ തുക | ചെക്ക നം./ തീയതി |
|---|---|---|---|---|---|
| ശ്രീ. അഗസ്റ്റി<br>ശ്രീ. ഷിബു | 4/21 To 9/21 | 183000/-<br>183000/- | 112950/-<br>112950/-<br>(@18825*6) | 70050/-<br>70050/- | 5702501/ 30.4.22 |
| ശ്രീ. അഗസ്റ്റി<br>ശ്രീ. ഷിബു | 10/21 To 12/21 | 92000/-<br>92000/- | 56475/-<br>56475/-<br>(@18825*3) | 35525/-<br>35525/- | 5702509/ 1.7.22 |
| ശ്രീ. അഗസ്റ്റി<br>ശ്രീ. ഷിബു | 1/22 | 31000/-<br>31000/- | 18825/-<br>18825/- | 12175/-<br>12175/- | 7326084/ 5.9.22 |
| | | | ആകെ- | 2,35,500/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2018-ലെ ശക്തമായ വെള്ളപ്പൊക്കത്തിൽ പുളിമൂട്ടിൽ കടവ്, ചിറയിൽ കടവ് എന്നിവിടങ്ങളിലെ പാലങ്ങൾ പെളിഞ്ഞ് ഗതാഗതയോഗ്യമല്ലാത്ത സാഹചര്യത്തിലാണ് 500/- രൂപ പ്രതിമാസവേതന നിരക്കിൽ മേൽ വ്യക്തികളെ ഫെറിമാൻ തസ്തികയിൽ നിയമിച്ചതെന്നും, 2019 ഒക്ടോബർ മാസം ഈ പാലങ്ങളിലൂടെയുള്ള യാത്ര പൂർണ്ണമായി നിരോധിച്ച് ഇരുമ്പ് ദണ്ഡു ഉപയോഗിച്ച് ബ്ലോക്ക് ചെയ്തതിനാൽ രാത്രി കാലങ്ങളിലെ ജനങ്ങളുടെ യാത്രക്ക് ബുദ്ധിമുട്ട് നേരിട്ടതിനെ തുടർന്ന് പൊതുജനങ്ങൾ നിരന്തരം പഞ്ചായത്തിൽ പ്രക്ഷോഭം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 5.10.2019ലെ 2(1) നമ്പർ തീരുമാനപ്രകാരം രാത്രികാലങ്ങളിൽ കൂടി കടത്ത് ഏർപ്പെടുത്തുകയും, പ്രതിദിനം 1000/- രൂപ അനുവദിക്കുകയും ചെയതു എന്നും, നിലവിൽ 16000/- രൂപ നിരക്കിലാണ് പ്രതിമാസം വേതനം നൽകുന്നത് എന്നും മറുപടി ലഭ്യമാക്കി. ഒരേ വ്യക്തികൾ തന്നെ തുടർച്ചയായി 24 മണിക്കൂർ വർഷങ്ങളായി ജോലിയിൽ ചെയ്തതിന്റെ മസ്റ്റർറോൾ ഉൾപ്പടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, സർക്കാർ നിർദ്ദേശിച്ച

നിരക്കിൽ അധികമായി വേതനം നൽകിയതിനാലും മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശിച്ച വേതന പരിധിയേക്കാൾ അധികം നൽകിയ 2,35,500/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

എൻക്വയറി നം - 6/14.8.23

നിരാകരിച്ച തുക – 235500/- രൂപ

3-2 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചികിത്സാ സഹായം നൽകി.

നെന്മേനി കിഴക്ക് വാർഡിൽ (വാർഡ്-6) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തട മാസ്റ്റർപ്ലാൻ പ്രകാരം മണ്ണുജലസംരക്ഷണം ഘട്ടം-5 എന്ന പദ്ധതിയിൽ ജോലി നടക്കുന്ന സമയത്ത് കാട് വെട്ടിത്തെളിച്ചപ്പോൾ ശ്രീ. ജൂബി. പി. സാമാം (തൊഴിൽ കാർഡ് നം-6/307) എന്ന തൊഴിലാളിയുടെ കൈയ്യിൽ വെട്ടുകത്തികൊണ്ട് മുറിവുണ്ടായതിനെ തുടർന്ന് കുണ്ടറ താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോകുകയും, അവിടെ നിന്ന് ജില്ലാ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും ചെയ്തു. എന്നാൽ ജില്ലാ ആശുപത്രിയിൽ കൊണ്ടുപോകാതെ ടിയാനെ കുണ്ടറ L.M.S.B.B സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോയി സർജ്ജറി നടത്തിയ വകയിൽ ഗ്രാമപഞ്ചായത്ത് 14163/- രൂപ (ചെക്ക് നം-803990/ 14.11.22) നൽകി.

5.2.2021-ലെ ഡി.ഡി-2/252/2020/ത.സ്വ.ഭ.വ സർക്കാർ സർക്കുലർ ഖണ്ഡിക 1 (എ) പ്രകാരം പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഏതോരു തൊഴിലാളിക്കും പ്രവൃത്തിയുടെ ഭാഗമായി അപകടങ്ങൾ മൂലം പരിക്ക് സംഭവിക്കുകയാണെങ്കിൽ അതാത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ സൌജന്യ ആശുപത്രി ചികിത്സ ഉറപ്പാക്കേണ്ടതാണ്.

ഖണ്ഡിക 2 പ്രകാരം പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക്കോ, തൊഴിലാളിയോടൊപ്പം പ്രവൃത്തിസ്ഥലത്ത് എത്തുന്ന കുട്ടിയ്ക്കോ മേൽ പരാമർശിക്കപ്പെട്ട പ്രകാരം അപകടങ്ങൾ സംഭവിച്ചാൽ തൽസമയം തന്നെ ഏറ്റവും അടുത്ത സർക്കാർ ആശുപത്രിയിൽ എത്തിച്ച് ചികിത്സ ഉറപ്പാക്കേണ്ടതും,പ്രസ്തുത വിവരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. സർക്കാർ ആശുപത്രി ഇല്ലാത്ത ഇടങ്ങളിൽ തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടാവുന്നതാണ്. സ്വകാര്യ ആശുപത്രിയിലാണെങ്കിൽ അവിടുത്തെ അടിയന്തിര ചികിത്സയെ തുടർന്ന് ശസ്ത്രക്രിയ ഉൾപ്പടെയുള്ള വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ വിവിധ തലത്തിലുള്ള സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളജ് എന്നിവയുടെ സേവനം തേടേണ്ടതാണ്.

ഖണ്ഡിക 3 പ്രകാരം സർക്കാർ ആശുപത്രിയിൽ നടത്തുന്ന ചികിത്സക്കും, അനുബന്ധചെലവുകൾക്കുമുള്ള തുക പ്രസ്തുത സർക്കാർ മെഡിക്കൽ ഓഫീസർ നൽകുന്ന ചികിത്സവിവരത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. സ്വകാര്യ ആശുപത്രിയിലെ ചികിത്സചെലവുകൾ ഒരു സർക്കാർ മെഡിക്കൽ ഓഫീസറുടെ പരിശോധനയുടെയും സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ച് നൽകാവുന്നതാണ്.

മേൽ പരാമർശിക്കപ്പെട്ട രേഖകളോ,വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സർക്കാർ ഉത്തരവിനും, സർക്കാർ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശത്തിനും വിരുദ്ധമായി സ്വന്തം ഇഷ്ടപ്രകാരം സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയ വകയിലുള്ള 14163/- രൂപയുടെ ചെലവ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രോഗിയുടെ ആരോഗ്യസ്ഥിതി മോശമാവുകയും രക്തം വളരെയേറെ നഷ്ടപ്പെടുകയും ചെയ്തതിനാലാണ് തൊട്ടടുത്തുള്ള സ്വകാര്യ ഹോസ്പിറ്റലിൽ കൊണ്ടുപോയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. രോഗിയുടെ ആരോഗ്യസ്ഥിതി അറിയാവുന്ന ഡോക്ടറുടെ നിർദ്ദേശത്തിന് വിരുദ്ധമായി സ്വകാര്യ ഹോസ്പിറ്റലിൽ

ചികിത്സ തേടിയ നടപടി അംഗീകാരയോഗ്യമല്ല. ചികിത്സ നടത്തിയതിന്റെയും, തുക ചെലവഴിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചികിത്സചെലവിനത്തിൽ നൽകിയ 14163/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം – 7/14.8.23
നിരാകരിക്കുന്ന തുക – 14163/- രൂപ

3-3 പാലിയേറ്റിവ് ഹോംകെയർ യാത്രയ്ക്ക് ആംബുലൻസ് ഡ്രൈവർക്ക് വേതനത്തോടൊപ്പം ബാറ്റ നൽകിയത് അംഗീകരിക്കുന്നില്ല.

2022-23 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് പാലിയേറ്റിവ് പരിചരണ സഞ്ജിവിനി ഹോംകെയർ പദ്ധതി. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര് - സഞ്ജിവിനി ഹോംകെയർ പദ്ധതി

പ്രോജക്ട് നം - 5/23

അടങ്കൽ തുക - 744706/- രൂപ (394706/- വികസനഫണ്ട് ജനറൽ, 100000/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 250000/- ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് തുക - 720891/- രൂപ (370901/- വികസനഫണ്ട് ജനറൽ, 99990/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 250000/- ജില്ലാ പഞ്ചായത്ത് വിഹിതം)

പാലിയേറ്റിവ് കെയർ പദ്ധതി പ്രകാരം ഹോംകെയർ യാത്രയ്ക്ക് പോകുന്ന ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആംബുലൻസ് ഡ്രൈവർക്ക് വേതനത്തോടൊപ്പം 200/- രൂപ നിരക്കിൽ ബാറ്റ നൽകി വരുന്നു. പദ്ധതി മാർഗ്ഗരേഖയിലെ പാലിയേറ്റിവ് പരിചരണ സംവിധാനത്തിലെ ഖണ്ഡിക2.8 പ്രകാരം ഹോംകെയറിന് ആവശ്യമായ വാഹനം തദ്ദേശസ്വയംഭരണസ്ഥാപനം ഏർപ്പെടുത്തണം. ഖണ്ഡിക 2.8(എ) പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ, ആരോഗ്യസ്ഥാപനത്തിന്റെയോ വാഹനങ്ങൾ സൌകര്യപ്പെടുന്ന ദിവസങ്ങളിൽ ഹോംകെയറിന് അനുവദിച്ച് നൽകാവുന്നതാണ്. ഇന്ധനചെലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയവ ഉൾപ്പെടുത്തി ഒരു ദിവസത്തെ ചെലവ് എച്ച്.എം.സി. കണക്കാക്കി പാലിയേറ്റീവ് കെയർ ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. കൂടാതെ, ഖണ്ഡിക 2.13 പ്രകാരം ഫോൺ ചാർജ്ജായി പരമാവധി 200/- രൂപ മാസനിരക്കിൽ നൽകാവുന്നതാണ്. ഖണ്ഡിക 2.6.5 പ്രകാരം ഹോംകെയറിന് പോകുന്നവർക്ക് ഭക്ഷണചെലവിനായി ഒരാൾക്ക് 80/- രൂപ നിരക്കിൽ 6 പേർക്കും തുക നൽകാവുന്നതാണ്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആംബുലൻസ് പാലിയേറ്റീവ് ഹോംകെയറിന് ഉപയോഗിക്കുന്ന ഓരോ യാത്രയ്ക്കും ഡ്രൈവറുടെ വേതനത്തിനോടൊപ്പം 200/- രൂപ നിരക്കിൽ ബാറ്റ നൽകിവരുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കാലയളവ് | ബാറ്റയിനത്തിൽ നൽകിയ തുക(രൂപ) | ബിൽനം /തിയതി |
|---|---|---|
| 4/22 | 3000/- | 1/15.6.22 |
| 5/22,6/22 | 6200/- | 2/13.7.22 |
| 7/22 | 3200/- | 4/19.8.22 |
| 8/22 | 1600/- | 7/7.10.22 |
| 12/22 | 1400/- | 25/11.1.23 |
| 1/23 | 3200/- | 28/7.2.23 |
| 2/23 | 2600/- | 45/30.3.23 |
| ആകെ- | 21200/- | |

ഇഉ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഹോംകെയർ യാത്രയ്ക്ക് ആംബുലൻസ് ഡ്രൈവർക്ക് വേതനത്തോടൊപ്പം ബാറ്റ നൽകിയ നടപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ബാറ്റയിനത്തിൽ നൽകിയ 21200/- രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം - 9/14.8.23

നിരാകരിക്കുന്ന തുക – 21,200/- രൂപ

## 3-4 ഫൈൻ ഈടാക്കിയതിൽ കുറവ്.

പ്രോജക്റ്റ് നം. 25/23 (സ്പിൽ ഓവർ)

25/23 - നീറ്റം പുറത്ത് റോഡ് പാർശ്വഭിത്തി നിർമ്മാണം

അടങ്കൽ - 200000/- (വികസനഫണ്ട് സി.എഫ്.സി)

കരാറുകാരൻ – ശ്രീ. ഷാജി.

പ്രവൃത്തി കാലാവധി – 4 മാസം

കരാർ - 12/ 23.10.20

അളവു പുസ്തകം - 13/21-22

കരാർ പ്രകാരം 22.2.2021 ൽ പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി 30.3.2022 ലാണ് പൂർത്തീകരിച്ചത്. 57.2 ആഴ്ചകൾ വൈകിയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. വൈകിയതിനുള്ള പിഴ കേരള പബ്ലിക് വർക്ക്സ് മാന്വൽ 2012 (GO(P)No.13/2012/PWD തീയതി -01.02.2012) സെക്ഷൻ 2116.1 പ്രകാരം പി.എ.സി തുകയായ 177820.85 രൂപയുടെ .1/%X 57.2 = 10171 രൂപയാകുന്നു. ഈടാക്കിയെ ഫൈൻ 2880- പിഴയിലെ കുറവ് 7291 രൂപ ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇഉ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയില്ല.

ആഡിറ്റ് എൻക്വയറി നം. 5/11/8/23

നഷ്ടം – 7291/- രൂപ

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 10.8.23, 11.8.23 | കെ.എസ്.എ.കെ.എൽ.എം.പി4/1549/23 / 29.09.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 99990/- | 5/23-പാലിയേറ്റീവ് കെയർ പദ്ധതി | 99990/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000/- | 39/23-ലൈഫ്(ജനറൽ) | 200000/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000/- | 4/23-ഭിന്നശേഷിക്കർക്ക് സ്കോളർഷിപ്പ് | 100000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 114285/- | 3/23-അനുപൂരകപോഷകാഹാരം | 114285/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 250000/- | 67/23-പാലിന് സബ്സിഡി | 250000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000/- | 39/23-ലൈഫ്(ജനറൽ) | 100000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 80000/- | 40/23-ലൈഫ് ( എസ്.സ്.പി) | 80000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 30000/- | 4/23-ഭിന്നശേഷിക്കർക്ക് സ്കോളർഷിപ്പ് | 30000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 117284/- | 3-23-അനുപൂരകപോഷകാഹാരം | 117284/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3258/- | 70/23-പാലിന് സബ്സിഡി | 3258/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 82077/- | 67/23-പാലിന് സബ്സിഡി | 82077/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർനം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | Treasury Payment-Rs.23202/24.9.22, Rs.22636/21.2.23 | 45838/- | 22636/- | 23202/- |
| ഭൂജലവകുപ്പ് | കുഴൽകിണർ നിർമ്മിക്കൽ | Egram Payment-164010/28.3.23 | 764000/- | 0 | 764000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | 68/2018 Dt.18.5.18 | - | 5634777/- | 826680/- | 0 | 4808097/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃതഓഡിറ്റ്റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23-ാം പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 31 | 2003-04, 3-2(4-1) | മത്സ്യതൊഴിലാളി ഭവനപദ്ധതി – അനർഹർക്ക് ആനുകൂല്യം അനുവദിച്ചത് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 1998-99, 38 | 2003-04, 3-2(4-2) | സബ്സിഡി – സർക്കാർ ഉത്തരവ് പാലിക്കാത്തത് | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) . പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,35,500/- | ശ്രീ. സുനീഷ് കുമാർ. എസ്. (സെക്രട്ടറി) |
| 3-2 | | 14163/- | ശ്രീ. സുനീഷ് കുമാർ. എസ്. (സെക്രട്ടറി) |
| 3-3 | | 21200/- | ഡോ. അനീഷ് പരമേശ്വരൻ (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) |
| 3-4 | | 7291/- | ശ്രീമതി ആർച്ച ഗോപൻ (അസി. എഞ്ചിനീയർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 250000/- | ഡോ. മഞ്ജു. എം. (വെറ്ററിനറി സർജ്ജൻ ) |
| 1-21 | 923980/- | ഡോ. അനീഷ് പരമേശ്വരൻ (മെഡിക്കൽ ഓഫീസർ,പി.എച്ച്.സി) |
| 1-28 | 30000/- | ശ്രീ. സുനീഷ് കുമാർ. എസ്. (സെക്രട്ടറി) |
| 1-29 | 764000/- | ശ്രീ. സന്തോഷ് വർഗ്ഗീസ് (സെക്രട്ടറി) |
| 1-30 | 21000/- | ശ്രീ. സുനീഷ് കുമാർ. എസ്. (സെക്രട്ടറി) |
| 1-32 | 98650/- | ഡോ. മഞ്ജുഷ ഇ. വി. (മെഡിക്കൽ ഓഫീസർ, ആയുർവേദം) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

4181/- (ഖണ്ഡിക-1-24)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അ ന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനീഷ് കുമാർ. എസ്. (സെക്രട്ടറി) | ഇന്റേണൽ വിജിലൻസ് ഓഫീസർ, കൊല്ലം. | സുനീഷ് ഭവനം, പനയം, കൊല്ലം |
| ഡോ. അനീഷ് പരമേശ്വരൻ (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) | മെഡിക്കൽഓഫീസർ, പി.എച്ച്.സി, മൺറോതുരുത്ത് | അഞ്ജലിഭവനം, കരിക്കോട്, ടി.കെ.എം.സി, കൊല്ലം |
| ഡോ. മഞ്ജു. എം. (വെറ്ററിനറി സർജ്ജൻ) | വെറ്ററിനറി ഡിസ്പെൻസറി, മൺറോതുരുത്ത് | മഞ്ജുശ്രീ, നിരാവിൽ, പെരിനാട്.പി.ഒ |
| ശ്രീ. സന്തോഷ് വർഗ്ഗീസ് (സെക്രട്ടറി) | സെക്രട്ടറി, മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്. | മഠത്തിൽ ശ്രീരംഗം, പട. സൌത്ത്, കരുനാഗപ്പള്ളി |
| ശ്രീമതി ആർച്ച ഗോപൻ (അസി. എഞ്ചിനീയർ) | അസി. എഞ്ചിനീയർ, ചിറയിൻകീഴ് | കൃഷ്ണ വില്ല, ഡാർളിംഗ്, കാവനാട്, കൊല്ലം |
| ഡോ. മഞ്ജുഷ ഇ. വി. (മെഡിക്കൽ ഓഫീസർ, ആയുർവേദം) | ആയുർവേദ ഡിസ്പെൻസറി, മൺറോതുരുത്ത് | ദ്വാരക, പേരൂർ, ടി.കെ.എം.സി പി.ഒ, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം..പി4-437 (11)/18/28.2.18 | 31 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം..പി4-437 (12)/18/28.2.18 | 33 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം..പി4-437 (13)/18/28.2.18 | 17 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം..പി4-437 (14)/18/28.2.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം..പി4-437 (15)/18/28.2.18 | 13 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം..പി4-437 (16)/18/28.2.18 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം..പി4-437 (17)/18/28.2.18 | 22 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം..പി4-437 (18)/18/28.2.18 | 18 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 20 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 4 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.4/11-12/170/20.08.2022 | 15 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി.4/12-13/170/20.08.2022 | 8 |
| 2013-14, 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.4/13-14&14-15/170/20.08.2022 | 10 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.4/15-16/170/20.08.2022 | 5 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-1404/17/31.01.2018 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4/402/2019/22.4.2019 | 11 |
| 2018-19 | കെ.എസ്.എ.കെകെ.എൽ.എം.പി4/458/2020/23.6.2020 | 37 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.4/1161/21/09.03.2022 | 16 |
| 2020-21 | ക.എസ്എ.കെ.എൽ.എം.പി.4 /1160/21/09.03.2022 | 21 |
| 2021-22 | ക.എസ്എ.കെ.എൽ.എം.പി.4 /1845/22/5.1.23 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 23-06-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mandrothuruthu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mandrothuruthu Grama Panchayat for the year 2022-2023

Date: 26/10/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Mandrothuruthu Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit.
Ratios And Notes on Account

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Unpaid treasury bills are not excluded form web Saankhya ACR.

4) Lapses in making timely and accurate demand entries in respect of property tax.

5) Deposit work payment are not completely included in Balance Sheet Schedule B18.

6) Payment voucher misclassification.

7) Registers does not match with accounts.

8) DCB Statement does not match with Financial statements.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്